REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 01-11-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- ഇന്ന് 69-ാം കേരളപ്പിറവി ദിനം. സംസ്ഥാനത്തെ ഇന്ന് അതിദാരിദ്ര്യമുക്തമായി പ്രഖ്യാപിക്കും. മലയാള ദിനാഘോഷവും, ഭരണ ഭാഷാ വാരാഘോഷവും മുഖ്യമന്ത്രി പിണറായി വിജയൻ ഉച്ചയ്ക്ക് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും.
- ഈ വർഷത്തെ കേരള പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു.
- ഗവൺമെന്റ് പ്രഖ്യാപിച്ച ക്ഷേമപദ്ധതികൾ ഇന്ന് പ്രാബല്യത്തിൽ വരും.
- പ്രധാനമന്ത്രി നരേന്ദ്രമോദി ഛത്തീസ്ഗഢിൽ ഇന്ന് 14,260 കോടി രൂപയുടെ വികസന പദ്ധതികൾക്ക് തുടക്കമിടും.
- ലക്ഷദ്വീപ് മേഖലയിൽ വ്യോമസേന സാന്നിധ്യം വർദ്ധിപ്പിക്കുമെന്ന് സേനാ ഉപമേധാവി എയർമാർഷൽ നർമദേശ്വർ തിവാരി.

## വാർത്തകൾ വിശദമായി

എല്ലാ ശ്രോതാക്കൾക്കും ആകാശവാണി വാർത്താവിഭാഗത്തിന്റെ കേരളപ്പിറവി ആശംസകൾ.

ഇന്ന് കേരളപ്പിറവി ദിനം. 1956 നവംബർ ഒന്നിനാണ് ഐക്യകേരളം രൂപം കൊണ്ടത്. തിരുവിതാംകൂർ, കൊച്ചി രാജ്യങ്ങളും, മദ്രാസ് പ്രസിഡൻസിയുടെ മലബാർ പ്രദേശങ്ങളും കൂട്ടിച്ചേർത്ത്, ഭാഷയുടെ അടിസ്ഥാനത്തിലാണ് കേരള സംസ്ഥാന രൂപീകരണമുണ്ടായത്.

✪✪✪

മലയാളദിനാഘോഷവും, ഭരണഭാഷാ വാരാഘോഷവും ഉച്ചയ്ക്ക് മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരം ദർബാർഹാളിൽ ഉദ്ഘാടനം ചെയ്യും. മന്ത്രി സജി ചെറിയാൻ അധ്യക്ഷനാകുന്ന ചടങ്ങിൽ മുൻ ചീഫ് സെക്രട്ടറി ഡോ. V.P. ജോയ് മുഖ്യപ്രഭാഷണം നടത്തും. ചീഫ്സെക്രട്ടറി ഡോ. A ജയതിലക് ജീവനക്കാർക്ക് ഭരണഭാഷാപ്രതിജ്ഞ ചൊല്ലിക്കൊടുക്കും.

മലയാളഭാഷയ്ക്കു നൽകിയ വിലപ്പെട്ട സംഭാവനകൾ കണക്കിലെടുത്ത് K.K സരസമ്മ, ഡോ. MM ബഷീർ എന്നിവരെ ചടങ്ങിൽ ആദരിക്കും. 'സമകാലിക ജനപഥം' ഭരണഭാഷാപതിപ്പിന്റെ പ്രകാശനവും, സംസ്ഥാനതല ഭരണഭാഷാപുരസ്കാര വിതരണവും മുഖ്യമന്ത്രി നടത്തും.

സംസ്ഥാനത്ത് മികച്ചരീതിയിൽ ഭരണഭാഷാ മാറ്റ പ്രവർത്തനങ്ങൾ വരുത്തിയതിന് ഭൂവിനിയോഗ വകുപ്പിന് ഭരണഭാഷാ പുരസ്കാരം നൽകും. ഈ വിഭാഗത്തിൽ മികച്ച ജില്ലയായി വയനാടിനെ തിരഞ്ഞെടുത്തു.

ഭരണഭാഷാ ഗ്രന്ഥരചനാപുരസ്കാരത്തിന് കാലിക്കറ്റ് സർവകലാശാല മലയാള കേരളപഠനവിഭാഗം പ്രൊഫസറായ ഡോ. RVM ദിവാകരൻ അർഹനായി.

ഉദ്യോഗസ്ഥ വിഭാഗം A ഗ്രൂപ്പിൽ തിരുവനന്തപുരത്തെ ഭൂവിനിയോഗ കമ്മീഷണർ യാസ്മിൻ L റഷീദും, ഗ്രൂപ്പ് B യിൽ സോയിൽ സർവെ അസിസ്റ്റന്റ് ഡയറക്ടർ ലിബി SS ഉം പുരസ്കാരത്തിന് അർഹരായി. ഗ്രൂപ്പ് C യിൽ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ്റ് സ്റ്റാർവിൻ CL ആണ് ജേതാവ്.

✪✪✪

മലയാളത്തിന് പ്രാമുഖ്യം നൽകി കർണ്ണാടക സംഗീതത്തിന് പുതിയ ഉണർവ്വ് സൃഷ്ടിക്കുകയാണ് കണ്ണൂർ ചിറയ്ക്കൽ രാജാസ് ഹയർസെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽ ഡോ. A.S പ്രശാന്ത് കൃഷ്ണൻ.

കണ്ണൂരിൽ നിന്ന് K.O ശശിധരൻ.

.............(വോയ്സ്)................

✪✪✪

**മുഖ്യമന്ത്രി പിണറായി വിജയൻ എല്ലാ മലയാളികൾക്കും കേരളപ്പിറവി ദിനാശംസകൾ നേർന്നു. വിസ്തൃതിയിൽ ചെറിയ സംസ്ഥാനമാണെങ്കിലും ലോകമാകെ ശ്രദ്ധിക്കുന്ന ഒട്ടേറെ നേട്ടങ്ങൾ സ്വന്തമാക്കാൻ കേരളത്തിന് കഴിഞ്ഞതായി അദ്ദേഹം ആശംസാ സന്ദേശത്തിൽ അറിയിച്ചു. ലോകത്ത് വിരലിലെണ്ണാവുന്ന പ്രദേശങ്ങൾ മാത്രം കൈവരിച്ചതും, പുരോഗമന സമൂഹങ്ങൾ സ്വപ്നം കാണുന്നതുമായ 'അതിദാരിദ്ര്യമുക്ത സംസ്ഥാനം' എന്ന പദവിയിലേക്ക് കേരളം ഉയരുകയാണ്. ചരിത്രത്തിൽ സുവർണലിപികളാൽ എഴുതിച്ചേർക്കേണ്ട സുപ്രധാന വേളയാണിതെന്ന് മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു.**

✪✪✪

**കേരളം ഇന്ന് അതിദാരിദ്ര്യമുക്തമാകുന്നു. തിരുവനന്തപുരം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ ഇതിന്റെ ഔദ്യോഗിക പ്രഖ്യാപനം നടത്തും. ചടങ്ങിൽ മോഹൻലാൽ, മമ്മൂട്ടി, കമൽ ഹാസൻ എന്നിവർ പ്രത്യേക അതിഥികളായി പങ്കെടുക്കും. മന്ത്രിമാരും, ജനപ്രതിനിധികളും, ഉദ്യോഗസ്ഥരും പരിപാടിയിൽ പങ്കെടുക്കും.**

**2021 ൽ ഗവൺമെന്റ് ആവിഷ്ക്കരിച്ച 'അതിദാരിദ്ര്യ നിർമാർജ്ജന പദ്ധതി'യാണ് ഇപ്പോൾ വിജയത്തിലെത്തിയിരിക്കുന്നത്. തദ്ദേശ സ്ഥാപനങ്ങളും, കുടുംബശ്രീ, ആശ, അങ്കണവാടി പ്രവർത്തകരും, വനിതാ സ്വയംസഹായ ശൃംഖലകളും ഈ ദൗത്യത്തിൽ പങ്കാളികളായി.**

**അതി ദാരിദ്ര്യത്തിൽ കഴിയുന്ന 64,006 കുടുംബങ്ങളെ സർവെയിൽ കണ്ടെത്തി. ഇവർക്ക് വ്യക്തിഗത മൈക്രോ പ്ലാനുകൾ തയ്യാറാക്കി ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ നടപ്പാക്കിയാണ് ലക്ഷ്യത്തിലെത്തിയത്.**

**പദ്ധതിയിൽ 5,422 പുതിയ വീടുകൾ നിർമ്മിക്കുകയും, 5,522 വീടുകൾ നവീകരിക്കുകയും ചെയ്തു, 34,672 കുടുംബങ്ങൾക്ക് തൊഴിൽ പരിശീലനം നൽകി. 4,394 കുടുംബങ്ങൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾക്ക് സഹായവും, 579 പേർക്ക് ആരോഗ്യ സഹായ ഉപകരണങ്ങളും നൽകി.**

**ലോകബാങ്കിന്റെ നിർവചനമനുസരിച്ച് പ്രതിദിനം 180 രൂപയിൽ താഴെ വരുമാനത്തോടെ ജീവിക്കുന്നവരെയാണ് അതിദാരിദ്ര്യ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നത്.**

✪✪✪

പതിനഞ്ചാം കേരള നിയമസഭയുടെ പ്രത്യേക സമ്മേളനം ഇന്ന് ചേരും. കേരളപ്പിറവിയുടെ 69-ാം വാർഷിക ദിനാചരണത്തിന്റെ ഭാഗമായാണ് സമ്മേളനം ചേരുന്നത്. അതിദാരിദ്ര്യമുക്ത കേരളം സംബന്ധിച്ച് മുഖ്യമന്ത്രി നിയമസഭയിൽ പ്രസ്താവന നടത്തും.

നിയമസഭയുടെ പതിനഞ്ചാം സമ്മേളനം നിയമസഭാ നടപടിക്രമങ്ങളും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ വ്യവസ്ഥയ്ക്ക് വിരുദ്ധമാണെന്ന് കാണിച്ച് കോൺഗ്രസ്സ് പാർലമെന്ററി പാർട്ടി സെക്രട്ടറി A.P അനിൽകുമാർ സ്പീക്കർക്ക് കത്ത് നൽകി.

✪✪✪

ഈ വർഷത്തെ കേരള പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. വിദ്യാഭ്യാസ മേഖലയിലെ സംഭാവനകൾക്ക് ഡോ. MR രാഘവവാര്യർക്കാണ് കേരള ജ്യോതി പുരസ്കാരം. കാർഷിക മേഖലയിലെ സംഭാവനകൾക്ക് PB അനീഷിനും, കലാരംഗത്തെ പ്രതിഭ മുൻനിർത്തി രാജശ്രീ വാര്യർക്കും കേരള പ്രഭ പുരസ്കാരം നൽകും.

മാധ്യമ പ്രവർത്തനത്തിൽ ശശികുമാറിനും, വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് TKM ട്രസ്റ്റ് ചെയർമാൻ ഷഹൽ ഹസൻ മുസലിയാർക്കും, സ്റ്റാർട്ടപ്പ് രംഗത്തെ മികവിന് MK വിമൽ ഗോവിന്ദിനും, വിവിധ മേഖകളിലെ പ്രവർത്തനങ്ങൾ പരിഗണിച്ച് ജിലുമോൾ മാരിയറ്റ് തോമസിനും, കായിക രംഗത്ത് അഭിലാഷ് ടോമിക്കുമാണ് കേരളശ്രീ പുരസ്കാരം.

✪✪✪

ഗവൺമെന്റ് പ്രഖ്യാപിച്ച ക്ഷേമ പദ്ധതികൾ ഇന്ന് പ്രാബല്യത്തിൽ വരുമെന്നും, അതിന് ഉത്തരവ് പുറപ്പെടുവിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും മന്ത്രി KN ബാലഗോപാൽ പറഞ്ഞു. ഗവൺമെന്റ് ജീവനക്കാർക്കും അധ്യാപകർക്കും പെൻഷൻകാർക്കും ഗവൺമെന്റ് പ്രഖ്യാപിച്ച ക്ഷാമബത്ത അനുവദിച്ച് ഉത്തരവിറങ്ങിയതായും അദ്ദേഹം പറഞ്ഞു.

✪✪✪

സംസ്ഥാന ചലച്ചിത്ര അക്കാദമി ചെയർപേഴ്സൺ ആയി റസൂൽ പൂക്കുട്ടിയെ നിയമിച്ച് ഗവൺമെന്റ് ഉത്തരവിറക്കി. നടിയും താരസംഘടന 'അമ്മ'യുടെ ജനറൽ സെക്രട്ടറിയുമായ കുക്കു പരമേശ്വരനാണ് പുതിയ വൈസ് ചെയർപേഴ്സൺ. C അജോയ് സെക്രട്ടറിയായി തുടരും.

പുതിയ ഭരണസമിതിയിൽ ചെയർമാൻ, വൈസ് ചെയർമാൻ എന്നിവരടക്കം 26 അംഗങ്ങളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. മൂന്നു വർഷമാണ് ഇവരുടെ കാലാവധി.

✪✪✪

മതത്തിന്റെ അടിസ്ഥാനത്തിൽ OBC സംവരണം നൽകുന്നുവെന്ന ആരോപണത്തിൽ 15 ദിവസത്തിനകം വിശദീകരണം നൽകാൻ സംസ്ഥാന ഗവൺമെന്റിന് ദേശീയ പിന്നാക്ക വിഭാഗ കമ്മീഷൻ ചെയർമാൻ ഹൻസ്‌രാജ് ഗംഗാറാം ആഹിർ നിർദ്ദേശം നൽകി. ചില മതങ്ങളിൽപ്പെട്ട സമുദായങ്ങൾക്ക് രാഷ്ട്രീയ ലാഭത്തിനു വേണ്ടി സംസ്ഥാനം സംവരണാനുകൂല്യം നൽകുന്നതായി പരാതിയുണ്ടെന്ന് ന്യൂഡൽഹിയിൽ കമ്മീഷൻ അറിയിച്ചു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ഛത്തീസ്ഗഢ് സന്ദർശിക്കും. സംസ്ഥാനത്തിന്റെ 25-ാം രൂപീകരണ ദിനാഘോഷങ്ങളിൽ പങ്കെടുക്കുന്ന അദ്ദേഹം, 14,260 കോടി രൂപയുടെ വികസന പദ്ധതികൾക്ക് തുടക്കമിടും. നിരവധി പൊതുപരിപാടികളിലും പ്രധാനമന്ത്രി പങ്കെടുക്കും. ജന്മനാ ഉണ്ടായ ഹൃദയ രോഗങ്ങൾ ‘ ദിൽ കി ബാത് ‘ പരിപാടിയിലൂടെ ചികിത്സിച്ചു മാറ്റിയ 2,500 ഓളം കുട്ടികളുമായി അദ്ദേഹം നവറായ്പൂർ അടൽ നഗറിൽ സംവദിക്കും. ശ്രീസത്യസായി സഞ്ജീവനി ആശുപത്രിയുടെ ‘ഗിഫ്റ്റ് ഓഫ് ലൈഫ്’ പദ്ധതിയിലാണ് ‘ദിൽ കി ബാത്” നടപ്പാക്കിയത്.

ബ്രഹ്മകുമാരീസിന്റെ ശാന്തിശിഖർ ആധ്യാത്മിക പഠന - ധ്യാന കേന്ദ്രം നരേന്ദ്രമോദി ഉദ്ഘാടനം ചെയ്യും. ഛത്തീസ്ഗഢ് നിയമസഭാ മന്ദിരത്തിലെ പുതിയ സമുച്ചയത്തിൽ മുൻ പ്രധാനമന്ത്രി അടൽബിഹാരി വാജ്പേയിയുടെ പ്രതിമ അദ്ദേഹം അനാവരണം ചെയ്യും. പുതിയ അസംബ്ലി മന്ദിരം നാടിന് സമർപ്പിക്കുന്ന പ്രധാനമന്ത്രി ജനങ്ങളെ അഭിസംബോധന ചെയ്യും.

✪✪✪

ജൻജാതിയ ഗൗരവ് വർഷ് പക്ഷാചരണത്തിന് ഇന്ന് തുടക്കമാകും. ഗോത്ര ഗവേഷണ സ്ഥാപനങ്ങൾ, ഏകലവ്യ മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ, ട്രൈബൽ സഹകരണ മാർക്കറ്റിംഗ് ഡെവലപ്മെന്റ് ഫെഡറേഷൻ, ഷെഡ്യൂൾഡ് ട്രൈബ്സ് ഫിനാൻസ് ആൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നിവയുടെ നേതൃത്വത്തിൽ

രാജ്യമെമ്പാടും പഖ്‌വാഡ ആഘോഷിക്കുമെന്ന് ഗോത്രകാര്യ മന്ത്രാലയം അറിയിച്ചു.

✪✪✪

ലക്ഷദ്വീപ് മേഖലയിൽ വ്യോമസേന സാന്നിധ്യം വർദ്ധിപ്പിക്കുമെന്ന് സേനാ ഉപമേധാവി എയർമാർഷൽ നർമദേശ്വർ തിവാരി അറിയിച്ചു. ദ്വീപുകൾക്കിടയിലെ സാധന-സാമഗ്രി കൈമാറ്റത്തിന് ഡ്രോണുകൾ വൻതോതിൽ ഉപയോഗിക്കുമെന്നും അദ്ദേഹം പറഞ്ഞു. തിരുവനന്തപുരത്ത് സമുദ്ര- ചരക്ക് ഡ്രോണുകളുടെ ബോധവത്ക്കരണ പരിപാടിയിലും പ്രദർശനത്തിലും പങ്കെടുക്കുകയായിരുന്നു അദ്ദേഹം.

✪✪✪

ആശാപ്രവർത്തകർ സെക്രട്ടേറിയറ്റ് പടിക്കൽ 266 ദിവസമായി നടത്തുന്ന സമരം ഇന്ന് അവസാനിപ്പിക്കും. ഓണറേറിയം 1000 രൂപ കൂട്ടാനും കുടിശിക നൽകാനും ഗവൺമെന്റ് തീരുമാനിച്ചതിനെ തുടർന്നാണ് സെക്രട്ടേറിയറ്റ് പടിക്കലെ സമരം അവസാനിപ്പിക്കുന്നത്. ഓണറേറിയം 21,000 രൂപയാക്കി ഉയർത്തണമെന്ന ആവശ്യം ഉന്നയിച്ച് സമരം ജില്ലാ കേന്ദ്രങ്ങളിൽ തുടരുമെന്ന് നേതാക്കൾ തിരുവനന്തപുരത്ത് അറിയിച്ചു.

✪✪✪

അതിദാരിദ്ര്യ മുക്ത കേരള പ്രഖ്യാപനത്തിനെതിരെ ഇന്ന് കർഷക മോർച്ച വായ മൂടികെട്ടി സമരം നടത്തും. കാർഷിക മേഖലയിലെ പ്രശ്നങ്ങൾ ഉന്നയിച്ച് കോഴിക്കോട് കിഡ്സൺ കോർണ്ണറിൽ മോർച്ച പ്രതിഷേധിക്കും.

✪✪✪

വികസനത്തിനൊപ്പം ജൈവവൈവിധ്യ സംരക്ഷണത്തിനും പ്രാധാന്യം നൽകുന്ന നിലപാടാണ് ഗവൺമെന്റിന്റേതെന്ന് മന്ത്രി A.K ശശീന്ദ്രൻ പറഞ്ഞു. വടകര നഗരസഭയുടെ ജൈവവൈവിധ്യ രജിസ്റ്ററിന്റെ രണ്ടാം ഭാഗം പ്രകാശനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

താമരശ്ശേരി അമ്പായത്തോട്ടിലെ ഫ്രെഷ് കട്ട് അറവ് മാലിന്യ സംസ്കരണ പ്ലാന്റിന്റെ പരിസര പ്രദേശങ്ങളിൽ ഒരാഴ്ചത്തെ നിരോധനാജ്ഞ പുറപ്പെടുവിച്ചു. പ്ലാന്റ് വീണ്ടും തുറക്കുന്നതുമായി

**ബന്ധപ്പെട്ട് അനിഷ്ട സംഭവങ്ങൾ ഒഴിവാക്കാനും, ക്രമസമാധാനം ഉറപ്പു വരുത്താനുമാണ് ജില്ലാ കലക്ടർ സ്നേഹിൽ കുമാർ സിംഗിന്റെ നടപടി.**

✪✪✪

---

.

*News Editor: പി ചന്ദ്രബാബു*
*News Reader:അനിൽ ചന്ദ്രൻ*
*NRTs: സബിത കെ*
*DEO: ഷീബ*